# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3396** — **01-03-2023 - ൽ മറുപടിയ്ക്ക്**

### മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 62/25-ലെ ലാൻഡിന്റെ ആകെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ (നിലവിൽ മൂന്നാർ വില്ലേജ്) അടിസ്ഥാന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സർവ്വെ നം. 62/25-ൽ പ്പെട്ട സ്ഥലത്തിന് 108.50 ഏക്കർ ആകെ വിസ്തീർണ്ണം ഉണ്ട്. |
| (ബി) | ഇതിൽ എത്ര ഏക്കർ ഭൂമി മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കെ.ഡി.എച്ച് വില്ലേജിലെ പുറമ്പോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ D1-1876/56 തീയതി 19.01.1960 പ്രകാരം സർവ്വെ നം. 62/25 ൽ 11.82 ഏക്കർ സ്ഥലം മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി മാറ്റിവെച്ചിട്ടുണ്ട്. |
| (സി) | സർവ്വേ നമ്പർ 62/25-ലെ വസ്തുവിൽ എത്ര ഏക്കർ മിച്ചഭൂമിയായി കണക്കാക്കി സർക്കാർ പുറമ്പോക്കിൽ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | അടിസ്ഥാന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സർവ്വെ നം. 62/25 ൽ ആകെ 108.50 ഏക്കറിൽപ്പെട്ട 61.35 ഏക്കർ സ്ഥലം സർക്കാർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സർവ്വേ നമ്പർ 62/25-ലെ വസ്തുവിന്റേയും 62/25-2-ലെ വസ്തുവിന്റേയും ഫീൽഡ് മെഷർമെന്റ് ബുക്ക് സ്കെച്ചിന്റെ കോപ്പി ലഭ്യമാക്കാമോ? | (ഡി) | കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ (നിലവിൽ മൂന്നാർ വില്ലേജ്) സർവ്വെ നം. 62/25 ലെ വസ്തുവിന്റെയും 62/25-2 ലെ വസ്തുവിന്റെയും ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ സ്കെച്ച് ലഭ്യമല്ല. സർവ്വെ നം. 62 ന്റെ ഡിമാർക്കേഷൻ സ്കെച്ചിന്റെ പകർപ്പ് ലഭ്യമായത് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ


BLOCK- DEVICOLAM, VILLAGE - K.D.H
ESTATE
AREA STATEMENT
TOTAL
HEAD DRAFTSMAN
Central Survey Office
Thiruvananthapuram
TECHNICAL ASSISTANT
Central Survey Office
Survey and Land Records
Thiruvananthapuram